പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 59

# 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

(ശ്രീ. കെ. രാജൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

418/2017.

# 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യ മാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ബിൽ

(ശ്രീ. കെ. രാജൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്തെ വേജ് ബോർഡിന്റെ പരിധിയിൽ വരാത്ത ജോലികൾ ചെയ്യുന്നവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്തെ പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്തെ വാർത്താ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾക്ക് ആശ്വാസം നൽകുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു നിധി രൂപീകരിക്കുന്നതിനും ബന്ധപ്പെട്ട മറ്റു ചില കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തി എട്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമം നിർമ്മിക്കുന്നു:—

1\. ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും.—(1) ഈ ആക്ടിന് 2017-ലെ കേരള സംസ്ഥാന പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്തെ ജോലികൾ ചെയ്യുന്നവർക്കുള്ള ക്ഷേമനിധി ആക്ട് എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഇത് സർക്കാർ ഗസറ്റ് വിജ്ഞാപനപ്രകാരം നിശ്ചയിക്കുന്ന തീയതിയിൽ പ്രാബല്യത്തിൽ വരുന്നതാണ്.

2\. നിർവ്വചനങ്ങൾ.—ഈ ആക്ടിന്റെ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്തെ തൊഴിലാളി" എന്നാൽ സംസ്ഥാനത്തെ പത്ര-ദൃശ്യമാധ്യമ സ്ഥാപനങ്ങളിലെ പ്രാദേശിക ലേഖകൻമാർ, പ്രസ് ഫോട്ടോഗ്രാഫർമാർ, പ്രസ് വീഡിയോഗ്രാഫർമാർ, ഡി റ്റി പി ഓപ്പറേറ്റർമാർ;

ഈ ആക്ടിന്റെ ആവശ്യത്തിനായി ഒരാൾ യഥാർത്ഥ തൊഴിലാളിയാണോ അല്ലയോ എന്ന് എന്തെങ്കിലും പ്രശ്നം ഉണ്ടാകുകയാണെങ്കിൽ ആ പ്രശ്നം സർക്കാരിനോ, ഇതിലേക്കായി സർക്കാർ അധികാരപ്പെടുത്തിയിട്ടുള്ള രജിസ്ട്രേർഡ് പത്രപ്രവർത്തക ട്രേഡ് യൂണിയനുകൾക്കോ റഫർ ചെയ്യേണ്ടതും അതിൻമേലുള്ള സർക്കാരിന്റെയോ ആ സംഘടനകളുടെയോ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(ബി) "ബോർഡ്" എന്നാൽ 7-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട കേരള സംസ്ഥാനത്തെ പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്തെ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(സി) "ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ" എന്നാൽ 8-ാം വകുപ്പുപ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നർത്ഥമാകുന്നു;

(ഡി) "അംശദായം" എന്നാൽ 8-ാം വകുപ്പുപ്രകാരം നിധിയിലേക്ക് നൽകേണ്ട പണത്തിന്റെ തുക എന്നർത്ഥമാകുന്നു;

(ഇ) "നിധി" എന്നാൽ 3-ാം വകുപ്പുപ്രകാരം രൂപീകരിക്കപ്പെട്ട പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്തെ തൊഴിലാളി ക്ഷേമനിധി എന്നർത്ഥമാകുന്നു;

(എഫ്) "അംഗം" എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു;

(ജി) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എച്ച്) "പട്ടിക" എന്നാൽ ഈ ആക്ടിന്റെ പട്ടിക എന്നർത്ഥമാകുന്നു;

(ഐ) "പദ്ധതി" എന്നാൽ ഈ ആക്ട് പ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള പദ്ധതി എന്നർത്ഥമാകുന്നു.

3. <u>പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളി ക്ഷേമനിധി പദ്ധതി</u>:—സർക്കാർ ഗസറ്റ് വിജ്ഞാപനം വഴി ഈ തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ ആക്ടിന്റെ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിനുവേണ്ടി കേരള പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളി ക്ഷേമനിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി ഉണ്ടാക്കാവുന്നതും പദ്ധതി ഉണ്ടാക്കിയതിനുശേഷം കഴിയുന്നത്രവേഗം ഈ ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് ഒരു നിധി രൂപീകരിക്കേണ്ടതുമാണ്. ഈ നിധിയിലേക്ക് സർക്കാർ ഓരോ വർഷവും ബഡ്ജറ്റിൽ നിശ്ചിത തുക നീക്കിവെയ്ക്കേണ്ടതാണ്.

4. <u>നിധിയിൽ താഴെപ്പറയുന്ന വരവ് ഉൾക്കൊള്ളിക്കേണ്ടതാണ്</u>:—

(1) അംശദായങ്ങൾ;

(2) ബോർഡ് കടം വാങ്ങിയ തുക;

(3) 6-ാം വകുപ്പുപ്രകാരം വസൂലാക്കപ്പെട്ട നഷ്ടപരിഹാരം;

(4) മറ്റേതെങ്കിലും മാർഗ്ഗത്തിൽ നിന്നുള്ള ഏതൊരു സംഭാവനയും;

(5) പദ്ധതി പ്രകാരം ലെവി ചെയ്യപ്പെട്ട ഫീസ്;

(6) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ട മറ്റേതെങ്കിലും തുക;

(7) സർക്കാർ ഈ നിധിയിലേക്ക് നീക്കിവെയ്ക്കുന്ന തുക.

5. നിധി താഴെപ്പറയുന്ന ഏതെങ്കിലും ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്:—(1) അവശത കാരണം ജോലി ചെയ്യുന്നതിന് കഴിവില്ലാതാകുകയോ, 60 വയസ്സ് പൂർത്തീകരിക്കുകയോ ചെയ്യുന്ന ഒരംഗത്തിന്.

(2) ഈ ആക്ട് പ്രാബല്യത്തിൽ വരുന്നതിനുമുൻപ് ഒരു പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്തെ ജോലിയിൽ ഏർപ്പെടുകയോ, 60 വയസ്സ് കഴിയുകയും സ്ഥായിയായ അവശത അനുഭവിക്കുകയോ, തൊഴിലില്ലാതിരിക്കുകയോ ചെയ്യുന്നയാളിന് പെൻഷൻ നൽകുന്നതാണ്.

(3) സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതാണ്.

(4) പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗങ്ങളിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുന്നതാണ്.

(5) മക്കളുടെ വിദ്യാഭ്യാസ സഹായം നൽകുന്നതാണ്.

(6) അംഗത്തിന്റെയും കുടുംബത്തിന്റെയും ചികിത്സാ ആനുകൂല്യങ്ങൾ, മരണാനന്തര സഹായം എന്നിവ നൽകുന്നതാണ്.

6. നിധിയിലേക്കുള്ള അംശദായം:—(1) പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗങ്ങളിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ തൊഴിലാളിയും ഓരോ മാസവും 200 രൂപ വീതം അംശദായം നൽകേണ്ടതാണ്.

(2) അംശദായം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, ഈ ആവശ്യത്തിനു വേണ്ടി ബോർഡ് അധികാരപ്പെടുത്തിയ ബോർഡിലെ ഏതെങ്കിലും ഉദ്യോഗസ്ഥനോ നൽകേണ്ടതാണ്.

7. ബോർഡിന്റെ രൂപീകരണം:—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി അതിൽ നിർദ്ദേശിക്കുന്ന തീയതി മുതൽ, പ്രാബല്യത്തോടുകൂടി നിധിയുടെ ഭരണ നിർവ്വഹണത്തിനും നിധിയിൽനിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുകയോ, അത് നടപ്പിലാക്കുകയോ ചെയ്യുന്നതിനും പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്തെ ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഒരു ക്ഷേമനിധി ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡിൽ സർക്കാർ നിയമിക്കുന്ന അത്രയും എണ്ണം ഡയറക്ടർമാർ ഉണ്ടായിരിക്കേണ്ടതും അവരെ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം തെരഞ്ഞെടുക്കേണ്ടതും ആണ്.

(3) ബോർഡിലെ ചെയർമാന്റെയും വൈസ് ചെയർമാന്റെയും ഡയറക്ടർമാരുടെയും പേരുകൾ സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(4) ബോർഡിലെ അംഗങ്ങളിൽ ഒരാളെ ചെയർമാനായും മറ്റൊരാളെ വൈസ് ചെയർമാനായും സർക്കാർ നിശ്ചയിക്കേണ്ടതാണ്.

(5) പ്രാദേശിക പത്ര-ദൃശ്യമാധ്യമ പ്രതിനിധികളെ ഡയറക്ടർ ബോർഡിൽ തെരഞ്ഞെടുക്കേണ്ടതാണ്.

(6) ഇങ്ങനെ ബോർഡിൽ നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ 5 വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതാണ്.

8. ഉദ്യോഗസ്ഥൻമാരുടെയും ജീവനക്കാരുടെയും നിയമനം:—സർക്കാരിന് ഈ ആക്ട് പ്രകാരം ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിനും ബോർഡിനെ സഹായിക്കുന്നതിനും ഒരു ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെയും ആവശ്യമെങ്കിൽ മറ്റ് ഉദ്യോഗസ്ഥരെയും നിയമിക്കാവുന്നതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

സംസ്ഥാനത്ത് ഇപ്പോൾ അനേകം തൊഴിലാളികൾ പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്ത് ജോലികളിൽ ഏർപ്പെട്ടിരിക്കുന്നു. ഇവർക്ക് ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും അവർക്ക് പെൻഷൻ നൽകുന്നതിനും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നു. മേൽപ്പറഞ്ഞ ഉദ്ദേശം നിറവേറ്റപ്പെടുത്തുന്നതിന് വേണ്ടിയുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിന്റെ (6)-ാം ഖണ്ഡപ്രകാരം ഓരോ പ്രാദേശിക പത്ര-ദൃശ്യമാധ്യമ രംഗത്തെ തൊഴിലാളിയും സ്വന്തമായി തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളയാളും നിധിയിലേക്ക് മാസം തോറും 200 രൂപ അംശദായമായി നൽകേണ്ടതാണ്. ഇത്തരം തൊഴിലാളികളുടെ എണ്ണം ഏകദേശം മുപ്പതിനായിരം വരുമെന്ന് കണക്കാക്കുന്നു. അതിനാൽ വാർഷിക അംശദായം 60 ലക്ഷം രൂപ വരെ വരുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാരിന് ഈ ബോർഡ് രൂപീകരിക്കുന്നതുകൊണ്ട് യാതൊരുവിധ ബാദ്ധ്യതകളും ഉണ്ടാകുന്നതല്ല.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഗസറ്റ് വിജ്ഞാപനംമൂലം സർക്കാർ നിശ്ചയിക്കുന്ന രീതിയിൽ ആക്ട് പ്രാബല്യത്തിൽ കൊണ്ടുവരുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നതിന് ബില്ലിലെ ഖണ്ഡിക കൊണ്ട് ഉദ്ദേശിക്കുന്നു.

കെ. രാജൻ, എം.എൽ.എ.